



I എ.വൈ.ആർ

സൂറ-17

# അൽ ഇസ്റാഅ്

63. അല്ലാഹു കൽപിച്ചു: ശരി, നീ പൊയ്ക്കൊള്ളുക. അവരിൽ വല്ലവരും നിന്നെ പിന്തുടർന്നുവെങ്കിൽ, നിങ്ങൾക്കൊക്കെയും തികഞ്ഞ പ്രതിഫലമായി നരകമുണ്ട്.

قَالَ ٱذْهَبْ فَمَن تَبِعَكَ مِنْهُمْ فَإِنَّ جَهَنَّمَ جَزَآؤُكُمْ جَزَآءً مَّوْفُورًا ﴿٦٣﴾

64. വ്യതിചലിപ്പിക്കാൻ കഴിയുന്നവരെയൊക്കെ നിന്റെ ശബ്ദത്താൽ വ്യതിചലിപ്പിച്ചുകൊള്ളുക. നിന്റെ കുതിരപ്പടയും കാലാൾപ്പടയും അവർക്കുനേരെ തിരിച്ചുവിട്ടുകൊള്ളുക. സമ്പത്തിലും സന്തതികളിലും അവരുടെ പങ്കാളിയായിക്കൊള്ളുക. അവർക്ക് മോഹന വാഗ്ദാനങ്ങൾ നൽകിക്കൊള്ളുക. ചെകുത്താൻ വാഗ്ദാനം ചെയ്യുന്നത് വ്യാമോഹമല്ലാതൊന്നുമല്ല.

وَٱسْتَفْزِزْ مَنِ ٱسْتَطَعْتَ مِنْهُم بِصَوْتِكَ وَأَجْلِبْ عَلَيْهِم بِخَيْلِكَ وَرَجِلِكَ وَشَارِكْهُمْ فِى ٱلْأَمْوَٰلِ وَٱلْأَوْلَـٰدِ وَعِدْهُمْ ۚ وَمَا يَعِدُهُمُ ٱلشَّيْطَـٰنُ إِلَّا غُرُورًا ﴿٦٤﴾

65. എന്നാൽ എന്റെ യഥാർഥ ദാസന്മാരുണ്ടല്ലോ, അവരിൽ നിനക്ക് യാതൊരു സ്വാധീനവും ലഭിക്കുന്നതല്ല. ഭരമേൽപിക്കാൻ നിന്റെ നാഥൻ തന്നെ എത്രയും മതിയായവനാകുന്നു.

إِنَّ عِبَادِى لَيْسَ لَكَ عَلَيْهِمْ سُلْطَـٰنٌ ۚ وَكَفَىٰ بِرَبِّكَ وَكِيلًا ﴿٦٥﴾

(ശരി) നീ പൊയ്ക്കൊള്ളുക = ٱذْهَبْ അവൻ പറഞ്ഞു(അല്ലാഹു കൽപിച്ചു) = قَالَ
തീർച്ചയായും നരകം (ഉണ്ട്) = فَإِنَّ جَهَنَّمَ അവരിൽ വല്ലവരും നിന്നെ പിന്തുടർന്നുവെങ്കിൽ = فَمَن تَبِعَكَ مِنْهُمْ
നിങ്ങളുടെ(ൾക്കൊക്കെയുമുള്ള) പ്രതിഫലം(ആയിട്ട്) = جَزَآؤُكُمْ
നീ ഇളക്കിക്കൊള്ളുക (വ്യതിചലിപ്പിച്ചുകൊള്ളുക) = وَٱسْتَفْزِزْ മതിയായ പ്രതിഫലമായ നിലയിൽ = جَزَآءً مَّوْفُورًا
നിന്റെ ശബ്ദം കൊണ്ട് = بِصَوْتِكَ അവരിൽ നിനക്കു കഴിയുന്നവരെയൊക്കെ = مَنِ ٱسْتَطَعْتَ مِنْهُم
നിന്റെ കുതിര(പ്പട)യെ = بِخَيْلِكَ അവരുടെ മേൽ നീ കൊണ്ടുവരിക(അവർക്കു നേരെ തിരിച്ചുവിടുക) = وَأَجْلِبْ عَلَيْهِم
നീ അവരെ പങ്കാളിയാക്കുക (അവരുടെ പങ്കാളിയായിക്കൊള്ളുക) = وَشَارِكْهُمْ നിന്റെ കാലാൾപ്പടയെയും = وَرَجِلِكَ
നീ അവർക്ക് (മോഹന) വാഗ്ദാനം നൽകിക്കൊള്ളുക = وَعِدْهُمْ സമ്പത്തിലും സന്തതികളിലും = فِى ٱلْأَمْوَٰلِ وَٱلْأَوْلَـٰدِ
ചെകുത്താൻ അവർക്ക് വാഗ്ദാനം ചെയ്യുന്നില്ല(ചെയ്യുന്നത്) = وَمَا يَعِدُهُمُ ٱلشَّيْطَـٰنُ
എന്നാൽ എന്റെ (യഥാർഥ) ദാസന്മാർ (ഉണ്ടല്ലോ) = إِنَّ عِبَادِى വഞ്ചനയല്ലാതെ (വ്യാമോഹങ്ങളല്ലാതൊന്നുമല്ല) = إِلَّا غُرُورًا
അധികാരം, സ്വാധീനശക്തി = سُلْطَـٰنٌ അവരുടെ മേൽ നിനക്ക് ഇല്ല = لَيْسَ لَكَ عَلَيْهِمْ
നിന്റെ നാഥ(ൻ)നെക്കൊണ്ട് = بِرَبِّكَ (എത്രയും) മതിയാ(യവനാകുന്നു)യിരിക്കുന്നു = وَكَفَىٰ
വക്കീലായിട്ട്, (കാര്യങ്ങൾ ഭരമേൽപിക്കാൻ) = وَكِيلًا

**63,64.** ഇബ്ലീസിന്റെ അപേക്ഷ അല്ലാഹു സ്വീകരിച്ചു. اذهب എന്ന ദൈവകൽപനക്ക് ഇവിടെ രണ്ട് അർഥങ്ങളുണ്ട്. ഒന്ന്, അപേക്ഷ സ്വീകരിച്ചിരിക്കുന്നു; ഇനി നിന്റെ പ്രതിജ്ഞ പൂർത്തീകരിക്കാനുള്ള വഴികൾ നോക്കി പൊയ്ക്കൊള്ളുക. രണ്ട്, നീ സ്വർഗത്തിൽ നിന്നുപുറത്തു പോവുക. ആദമും സ്വർഗത്തിൽനിന്നു പുറത്താക്കപ്പെടുകയാണ്. ആദമും സന്തതികളും ഇനി ഭൂമിയിലാണ് വാഴേണ്ടത്. അവിടെ നിനക്കവരെ വഴിതെറ്റിക്കുന്നതിനുവേണ്ടി പരിശ്രമിക്കാൻ അവസരമുണ്ട്. പക്ഷേ നിന്റെയും നിന്റെ സ്വാധീനത്തിലകപ്പെട്ട് സന്മാർഗഭ്രഷ്ടരാകുന്ന മനുഷ്യരുടെയും അന്തിമസങ്കേതം നിത്യനരകമായിരിക്കും.

ഇബ്ലീസ് അല്ലാഹുവിനോട് അവസരം ചോദിച്ചതിന് ഇവിടെ ഉപയോഗിച്ച വാക്ക് لَئِنْ أَخَّرْتَنِ –നീ എന്നെ പിന്തിച്ചുവെങ്കിൽ–എന്നാണ്. അൽഅഅ്റാഫ് 15–ാം സൂക്തത്തിൽ ഇബ്ലീസിന്റെ അപേക്ഷ ഉദ്ധരിക്കുന്നത് قَالَ أَنظِرْنِيٓ إِلَىٰ يَوْمِ يُبْعَثُونَ (അവൻ പറഞ്ഞു, അവർ ഉയിർത്തെഴുന്നേൽപ്പിക്കപ്പെടുന്ന നാൾ വരെ എനിക്കവസരം തരേണം). 'നിനക്കവസരം തന്നിരിക്കുന്നു'–قَالَ إِنَّكَ مِنَ ٱلْمُنظَرِينَ –എന്നായിരുന്നു അല്ലാഹുവിന്റെ മറുപടി.

മനുഷ്യനെ ആദരണീയനും അനുഗൃഹീതനുമാക്കിയ അല്ലാഹു തന്നെ അവനെ സന്മാർഗത്തിൽ നിന്ന് വ്യതിചലിപ്പിച്ച് നീചനും നികൃഷ്ടനുമാക്കാൻ ഇബ്ലീസിന് അനുമതിയും അവസരവും നൽകിയതെന്തിനാണ്? മനുഷ്യന്റെ ആദരണീയത സ്ഥിരപ്പെടാൻ തന്നെ എന്നാണ് ഈ ചോദ്യത്തിന് ഒറ്റ വാക്കിലുള്ള ഉത്തരം. വസ്തുക്കളുടെ മൂല്യം അവയുടെ ഗുണങ്ങളെ ആശ്രയിച്ചിരിക്കുന്നു. സുന്ദരവും പ്രയോജനകരവുമായ വസ്തുക്കളെ മനുഷ്യൻ വിലപ്പെട്ടവയായി കാണുന്നു. ആ വസ്തു അസുലഭവും കൂടിയാണെങ്കിൽ കൂടുതൽ വിലപ്പെട്ടതാകുന്നു. സ്വർണവും രത്നവും ഔഷധവുമെല്ലാം വില കൂടിയ വസ്തുക്കളാകുന്നത് അങ്ങനെയാണ്. സ്വർണത്തിന് അതിന്റെ ഗുണങ്ങൾ നൽകിയത് അല്ലാഹുവാണ്. മണ്ണിനും മരത്തിനും അവയുടെ ഗുണങ്ങൾ നൽകിയതും അല്ലാഹു തന്നെ.

അചേതന വസ്തുക്കൾക്കില്ലാത്ത ചില ഗുണങ്ങൾ സചേതന വസ്തുക്കൾക്കുണ്ട്. സചേതന വസ്തുക്കളിൽ തിര്യക്കുകൾക്കില്ലാത്ത ചില ഗുണങ്ങളുണ്ട് മനുഷ്യർക്ക്. എല്ലാ വസ്തുക്കൾക്കും അതിന്റെ ഗുണങ്ങൾ അല്ലാഹു നൽകിയതാണ്. മണ്ണും മരവും മനുഷ്യനുമൊന്നും അവയുടെ ഗുണങ്ങളും കഴിവുകളും സ്വയം നേടിയതല്ല. എന്തൊക്കെ ഗുണവ്യത്യാസങ്ങളുണ്ടെങ്കിലും സൃഷ്ടി എന്ന നിലയിൽ എല്ലാ സൃഷ്ടികളും തുല്യമാണ്. എന്നാൽ മനുഷ്യേതര സൃഷ്ടിയുടെ ഗുണങ്ങൾ ആ സൃഷ്ടികൾക്ക് സ്വയം ഉപയോഗിക്കാനാവില്ല. പ്രകൃതി അവക്കു നിശ്ചയിച്ചുവെച്ച മാർഗത്തിലേ അവ പ്രവർത്തിക്കൂ. സ്വന്തം ഗുണങ്ങൾ സ്വേഛാനുസാരം ഉപയോഗിക്കാൻ സ്വാതന്ത്ര്യമുള്ളവനാണ് മനുഷ്യൻ. വേണമെങ്കിൽ അവന്ന് ധർമമാർഗം സ്വീകരിച്ച് പ്രകൃതിയോടിണങ്ങാം. അല്ലെങ്കിൽ അധർമത്തിൽ ചരിച്ച് പ്രകൃതിവിരുദ്ധനാകാം. ആദ്യത്തേതാണ് ഉന്നതവും ആദരണീയവുമായ വഴി.

പ്രതിലോമ ശക്തികൾ ഉണ്ടായിരിക്കുകയും അവയെ മറികടക്കുകയും ചെയ്യുമ്പോഴാണ് സന്മാർഗത്തിന്റെ തെരഞ്ഞെടുപ്പ് ബോധപൂർവമാകുന്നതും അർഥവത്താകുന്നതും. വ്യത്യസ്ത മാർഗമില്ലാത്തിടത്ത് തെരഞ്ഞെടുപ്പ് അപ്രസക്തമാകുന്നു. ഒരു പാതയിൽ അനിഛയാ ചരിക്കുന്ന പഥികന് ആ പാതയിൽ കർതൃത്വമില്ല. തെരഞ്ഞെടുപ്പും കർതൃത്വവും ഇല്ലെങ്കിൽ തിര്യക്കുകളുടെ കർമങ്ങൾക്കുള്ള സ്ഥാനം മാത്രമേ മനുഷ്യകർമങ്ങൾക്കും ഉള്ളൂ. അപ്പോൾ മനുഷ്യന്റെ ഇഛാസ്വാതന്ത്ര്യം പ്രസക്തമാകുന്നതും അവൻ സ്വീകരിക്കുന്ന മാർഗത്തിൽ അവന്ന് കർതൃത്വം ലഭിക്കുന്നതും ചെകുത്താന്റെ സാന്നിധ്യത്തിലാണ്. ഈ പ്രതിലോമശക്തിയെ അതിജയിച്ച് ധർമസരണിയിലൂടെ സഞ്ചരിക്കുമ്പോഴാണ് മനുഷ്യൻ ഉന്നതനും ആദരണീയനുമാകുന്നത്. ചെകുത്താന് വിധേയനായി അധർമമാർഗത്തിലൂടെ സഞ്ചരിച്ചാൽ അവൻ അധമനുമാകുന്നു. അതാണ് അല്ലാഹു പറഞ്ഞത്: لَقَدْ خَلَقْنَا ٱلْإِنسَٰنَ فِىٓ أَحْسَنِ تَقْوِيمٍ ﴿٤﴾ ثُمَّ رَدَدْنَٰهُ أَسْفَلَ سَٰفِلِينَ (മനുഷ്യരെ നാം അതിസുന്ദരമായ ഘടനയിൽ സൃഷ്ടിച്ചു. പിന്നീടവനെ നാം നീചരിൽ നീചനാക്കി–അത്തീൻ).

പരീക്ഷിക്കുന്നതിനുവേണ്ടിയാണ് മനുഷ്യൻ ഈ ലോകത്തു സൃഷ്ടിക്കപ്പെട്ടത്. إِنَّا خَلَقْنَا ٱلْإِنسَٰنَ مِن نُّطْفَةٍ أَمْشَاجٍ نَّبْتَلِيهِ (മനുഷ്യനെ നാം സങ്കലിത ശുക്ലത്തിൽ നിന്നു സൃഷ്ടിച്ചിരിക്കുന്നു; അവനെ പരീക്ഷിക്കാൻ–അദ്ദഹ്ർ). മനുഷ്യൻ നേരിടുന്ന പരീക്ഷണമാണ് ചെകുത്താൻ. ആദമിനെ ഭൂമിയിലേക്കയക്കുമ്പോൾ തന്നെ അവന്റെ മനുഷ്യ വിദ്വേഷത്തെക്കുറിച്ച് അല്ലാഹു മുന്നറിയിപ്പു നൽകിയിട്ടുണ്ട്. ഉൽപത്തി കഥയിലടങ്ങിയ മറ്റു സാരങ്ങൾ ഖുർആൻ ബോധനം സൂറഃ അൽബഖറ 30 മുതൽ 39 വരെ സൂക്തങ്ങളുടെ അടിക്കുറിപ്പുകളിൽ വിവരിച്ചിരിക്കുന്നു.

ഇളക്കുക, ഉത്തേജിപ്പിക്കുക, പ്രചോദിപ്പിക്കുക മുതലായ അർഥങ്ങളിലുള്ള استفزاز ന്റെ ശാസനക്രിയാ രൂപമാണ് استفز. പദത്തിന്റെ എല്ലാ അർഥങ്ങളും ഈ സന്ദർഭത്തിൽ സാധുവാകുന്നു. വിശ്വാസത്തിൽനിന്ന് അല്ലെങ്കിൽ സന്മാർഗത്തിൽ നിന്നു ഇളക്കുക എന്നുമാവാം വിവക്ഷ. മനുഷ്യരെ നിയന്ത്രണത്തിലാക്കാൻ പ്രചോദനത്തിന്റെയും വ്യാമോഹങ്ങളുടെയും മാർഗങ്ങൾ സ്വീകരിച്ചുകൊള്ളുക എന്നുമാവാം. അതാണല്ലോ ഇബ്ലീസ് കൂടുതൽ ഫലപ്രദമായി ഉപയോഗിക്കുന്ന ആയുധം.

مَنِ ٱسْتَطَعْتَ مِنْهُم –അവരിൽ നിന്ന് നിനക്കു സാധിച്ചവരെ–എന്ന വാക്യത്തിന്റെ ധ്വനി മനുഷ്യരിൽ ചിലരെയൊക്കെ വഴിതെറ്റിക്കാൻ നിനക്കു സാധിക്കുമെന്നും എന്നാൽ എല്ലാവരെയും വഴിതെറ്റിക്കാൻ സാധിക്കുകയില്ലെന്നുമാണ്.

അന്ധവിശ്വാസത്തിലേക്കും അനാചാരത്തിലേക്കും നയിക്കുന്ന അബദ്ധജഡിലമായ തത്ത്വശാസ്ത്രങ്ങളും സിദ്ധാന്തങ്ങളും, അസത്യത്തിനും അധർമത്തിനും പ്രചോദനം നൽകുന്ന മുദ്രാവാക്യങ്ങളും പ്രഭാഷണങ്ങളും പ്രബന്ധങ്ങളും കലാസാഹിത്യ സൃഷ്ടികളുമെല്ലാം 'നിന്റെ ശബ്ദ'(صَوْتِكَ)ത്തിൽപെടുന്നു. പണ്ടെന്നപോലെ ഇന്നും ഈ ഉപാധികളെല്ലാം ഇസ്‌ലാമിനെതിരെ നിർബാധം ഉപയോഗിക്കപ്പെട്ടുകൊണ്ടിരിക്കുന്നു. അടുത്ത കാലത്തായി ഇസ്‌ലാമിനെയും പ്രവാചകനെയും നിന്ദിച്ചുകൊണ്ട് പുറത്തിറങ്ങിക്കൊണ്ടിരിക്കുന്ന നോവലുകളും സിനിമകളും കാർട്ടൂണു

കളും അതിന്റെ ഭാഗമാണ്.

ബഹളം, സമ്പാദ്യം, വലിച്ചുകൊണ്ടുവരൽ, തിരിച്ചുവിടൽ എന്നെല്ലാം അർഥമുള്ള جلب ന്റെ ശാസനാരൂപമാണ് اجلب. ഈ വാക്കിനെ ബഹളം കൂട്ടുക എന്ന അർഥത്തിലെടുക്കുമ്പോൾ ആക്ഷേപങ്ങളും ആരോപണങ്ങളും പ്രചരിപ്പിച്ച് ദൈവിക ദീനിനെതിരെ ജനരോഷമുയർത്തുക അല്ലെങ്കിൽ പ്രബലരായ ശത്രുക്കളെ ഇളക്കിവിടുക എന്നാകുന്നു താൽപര്യം. വലിച്ചു കൂട്ടുക, തിരിച്ചുവിടുക എന്ന അർഥം സ്വീകരിക്കുമ്പോൾ അവർക്കെതിരെ സൈന്യം സജ്ജീകരിച്ച് പട നയിച്ചുകൊള്ളുക എന്നും. രണ്ടർഥവും സന്ദർഭത്തിനിണങ്ങുന്നതാണ്. എങ്കിലും جَلَبَ عَلَى സാധാരണ ഉപയോഗിക്കാറുള്ളത് വലിച്ചുകൂട്ടി, കൊണ്ടുവന്നു എന്നീ അർഥത്തിലാണ്. കുതിരപ്പടയും കാലാൾപ്പടയും അലങ്കാരപ്രയോഗം മാത്രമല്ല; യാഥാർഥ്യവും കൂടിയാണ്. പൂർവകാലത്ത് ശക്തിയേറിയ യുദ്ധോപകരണമായിരുന്നു കുതിര. ഏതു യുദ്ധത്തിന്റെയും അനിവാര്യ ഘടകമാണ് കാലാൾ. സത്യദീനിനെതിരെ ശത്രുക്കൾ നടത്തിയ എല്ലാ യുദ്ധങ്ങളിലും ഇതു രണ്ടും ധാരാളം ഉപയോഗിച്ചുവന്നിട്ടുണ്ട്. ഇന്നു കുതിരയുടെ സ്ഥാനം ആധുനിക യുദ്ധവാഹനങ്ങളും ആയുധങ്ങളും ഏറ്റെടുത്തിരിക്കുന്നു. ഈ പശ്ചാത്തലത്തിൽ എല്ലാ യുദ്ധോപകരണങ്ങളെയും പ്രതിനിധീകരിക്കുന്ന പദമാണ് خيل.

നിനക്കു കഴിയുമെങ്കിൽ, നാം മനുഷ്യർക്കേകിയ സമ്പത്തിലും സന്തതികളിലും അവരുടെ പങ്കാളിയാവാൻ നോക്കുക. നിന്റെ ഭക്തന്മാർ അവയിൽ നിന്നെ പങ്കാളിയാക്കിക്കൊള്ളും. അവരുടെ ധനത്തിൽ നിന്നെ അവകാശിയാക്കും. അവരുടെ മക്കളെ നിന്റെ സേവനത്തിനുവേണ്ടി ഉഴിഞ്ഞിടും. നിനക്കു വേണ്ടി അവരെ ബലി നടത്താൻപോലും അവർ ധൃഷ്ടരാകും. വിഗ്രഹങ്ങൾക്കുവേണ്ടി സമ്പത്തും സന്താനങ്ങളും നേരുകയും ബലിയർപ്പിക്കുകയും ചെയ്യുക ജാഹിലീ അറബികളിൽ സാധാരണമായിരുന്നു. മുഹമ്മദ്നബിയുടെ പിതാവ് അബ്ദുല്ലയെ ബലി കഴിക്കാൻ അദ്ദേഹത്തിന്റെ പിതാവ് അബ്ദുൽ മുത്വലിബ് നേർന്നിരുന്നതായും പിന്നീട് പകരം 100 ഒട്ടകങ്ങളെ ബലി കഴിച്ച് അദ്ദേഹത്തെ മോചിപ്പിച്ചതായും ചരിത്രമുണ്ട്. ഇതാണ് وَشَارِكْهُمْ فِى الْأَمْوَالِ وَالْأَوْلَادِ എന്ന വാക്യത്തിന്റെ താൽപര്യം.

അതിസുന്ദരമായ വാഗ്ദാനങ്ങൾ നൽകിയും വ്യാമോഹങ്ങളിലകപ്പെടുത്തിയും അവരെയെല്ലാം ജീവിതധർമങ്ങളിൽ നിന്നകറ്റാൻ നീ ശ്രമിച്ചുകൊള്ളുക എന്നാണ് وَعِدْهُمْ എന്ന വാക്യത്തിന്റെ ആശയം. ഇന്നും ചെകുത്താൻ നിർബാധം പയറ്റുന്നുണ്ടീ തന്ത്രം. ചെകുത്താന്റെ വാഗ്ദാനങ്ങളെക്കുറിച്ചു പറഞ്ഞ ഉടനെ, വഞ്ചനാത്മകമല്ലാത്ത ഒരു വാഗ്ദാനവും ചെകുത്താനിൽ നിന്നുണ്ടാവില്ലെന്ന് പ്രത്യേകം ഉണർത്തിയിരിക്കുന്നു. ജാഹിലീ അറബികളുടെ സംസ്കാരം പൂർണമായും പൈശാചിക പ്രചോദനങ്ങളിലധിഷ്ഠിതമായിരുന്ന പശ്ചാത്തലത്തിലാണീ ഉണർത്തൽ. തങ്ങളാരാധിക്കുന്ന വിഗ്രഹങ്ങൾ തങ്ങളുടെ ആവശ്യങ്ങൾ നിവർത്തിച്ചു തരുമെന്ന വിശ്വാസം അവരിൽ വളർത്തിയത് ചെകുത്താനാണ്. തങ്ങൾ ദൈവത്തിന്റെ മക്കളും പേരമക്കളുമാണെന്നും അതിനാൽ തങ്ങളെന്തു ചെയ്താലും പരലോകത്ത് ശിക്ഷിക്കപ്പെടുകയില്ലെന്നുമുള്ള വ്യാമോഹത്തിൽ യഹൂദരെ അകപ്പെടുത്തിയതും അവൻ തന്നെ.

**65.** سُلْطَٰنٌ ന്റെ അർഥം നേരത്തെ വിവരിച്ചിട്ടുണ്ട്. ഇവിടെ അതിന്റെ വിവക്ഷ അധികാര ശക്തിയാണ്. ബോധപൂർവം അല്ലാഹുവിനോടുള്ള വിധേയത്വവും അടിമത്വവും തെരഞ്ഞെടുത്തവരെയാണ് അവൻ 'എന്റെ ദാസന്മാർ' عِبَادِى എന്നു വിളിക്കുന്നത്. സൂക്തം പറയുന്നതിതാണ്. മുൻചൊന്ന തന്ത്രങ്ങളൊക്കെ പ്രയോഗിക്കാൻ നിനക്ക് അനുമതിയും അവസരവും തന്നിരിക്കുന്നു. എന്നാൽ ദൈവദാസ്യം ബോധപൂർവം തെരഞ്ഞെടുത്ത് എന്റെ യഥാർഥ അടിമകളായവരെ കീഴ്പ്പെടുത്താനുള്ള അധികാരവും ശക്തിയും നിനക്കുണ്ടായിരിക്കുകയില്ല. എന്നോടുള്ള ഭക്തിയിൽ ഉറച്ചുനിൽക്കുന്നവർ നിന്റെ കുതന്ത്രങ്ങളെയെല്ലാം അതിജയിക്കും. ചെകുത്താന്റെ കുതന്ത്രങ്ങളെയും ദുർബോധനങ്ങളെയും അതിജീവിച്ച് സത്യത്തിലും ധർമത്തിലും ഉറച്ചുനിൽക്കുന്ന വിശ്വാസികൾക്കുള്ള സാന്ത്വനസന്ദേശം കൂടിയാണീ സൂക്തം. അത്തരം ആളുകളുടെ കാര്യം അല്ലാഹു ഏറ്റെടുത്തിരിക്കുന്നു. തന്നിൽ ഭരമേൽപിക്കുന്നവരെ ചെകുത്താന്റെ ദ്രോഹങ്ങളിൽ നിന്നു രക്ഷിക്കാൻ തികച്ചും മതിയായവനാണ് അല്ലാഹു- وَكَفَىٰ بِرَبِّكَ وَكِيلًا. ■